## 563

ഇനിയെങ്ങനെയീ ഭൂവാസം തുടർന്നിടുമതെന്തു പ്രയാസം?

1 ഈ ലോകമാം കടൽ കാറ്റടിച്ച് കല്ലോലമാലികളാലിളകി
വല്ലാതെയാവുകയാണതിനാൽ സ്വർല്ലോകനായക! നീ തുണയ്ക്ക-

2 ദുഷ്കാലമാകയാൽ നാളുകളെ തക്കത്തിലായുപയോഗിക്കുവാൻ
സുഗ്രാഹ്യമാക്കണം നിൻ വചനം സ്വർഗ്ഗീയനായക! നീ തുണയ്ക്ക-

3 ദൈവജനങ്ങളിലും ചിലരിൽ നിർവ്യാജ സ്നേഹമകന്നു ഹൃദി
ദ്രവ്യാഗ്രഹം, പകയെന്നാദി ദുർവ്യാധി പൂവർ പിന്മാറി-

4 എന്നേശു നായക! നീ വരണം ഏകാധികാരിയായ് ഭൂഭരണം
എന്നേക്കുമായ് ഭരമേറ്റിടണം എല്ലാ വിലാപവും മാറ്റിടണം- **T.K.S.**